മിഷനെ സർക്കാർ നോഡൽ ഏജൻസിയായി നിയമിച്ചിട്ടുണ്ട്. ഓരോ ഗ്രാമ പഞ്ചായത്തിലും അറവുശാല നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് ഒരു സാദ്ധ്യതാ പഠനം നടത്തുന്നതിന് പെർഫോർമൻസ് ഓഡിറ്റ് യൂണിറ്റുകളെ ചുമതലപ്പെടുത്തുകയും അതിന്റെ അടിസ്ഥാനത്തിൽ 2015-16 വർഷത്തിൽ പുതുതായി അറവുശാല നിർമ്മിക്കുന്നതിന് 25 ഗ്രാമപഞ്ചായത്തുകളെ തെരഞ്ഞെടുത്തിട്ടുള്ളതുമാണ്. അറവുശാല നിർമ്മിക്കുന്നതിനുള്ള ധനസഹായമായി 40 ലക്ഷം രൂപ വീതം തെരഞ്ഞെടുക്കപ്പെട്ട ഗ്രാമ പഞ്ചായത്തുകൾക്ക് നൽകുന്നതിനായി 1000 ലക്ഷം രൂപ 2015-16 വർഷത്തിൽ വകയിരുത്തിയിട്ടുണ്ട്.

തദ്ദേശസ്ഥാപനങ്ങളിലെ കരാർ പണികൾ

215 (3422) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. കെ. ദാസൻ :
ശ്രീ. സി. കെ സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്ഥാപനങ്ങളിലെ കരാർ പണികൾ ഏറ്റെടുത്തവർക്ക് കുടിശ്ശിക ഇനിയും നല്കാനുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാണോ;

(ബി) മുൻഭരണസമിതിയുടെ കാലത്തുള്ള കുടിശ്ശിക കൊടുത്തു തീർക്കാത്ത സാഹചര്യത്തിൽ ഇപ്പോൾ അധികാരം ഏറ്റെടുത്ത ഭരണ സമിതികൾക്ക് പണികൾ ടെൻഡർ ചെയ്യുന്നതിന് ബുദ്ധിമുട്ടുകൾ നേരിടേണ്ടിവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് പരിഹരിക്കുന്നതിനായി തദ്ദേശസ്ഥാപനങ്ങളിലെ കരാറുകാരുടെ കുടിശ്ശിക കൊടുത്തു തീർക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

ആധുനിക ശ്മശാനങ്ങളുടെ നിർമ്മാണം

216 (3423) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ ആധുനിക ശ്മശാനങ്ങളുടെ നിർമ്മാണത്തിന് കർമ്മ പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഗ്രാമപഞ്ചായത്തുകളിൽ ആധുനിക ശ്മശാനങ്ങൾ സ്ഥാപിക്കുന്നതിനും നിലവിലുള്ളവ നവീകരിക്കുന്നതിനും സംസ്ഥാന പദ്ധതിയിലുൾപ്പെടുത്തി സർക്കാർ ധനസഹായം അനുവദിക്കുന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

(ബി) താമസിക്കുന്ന വീടിന്റെ അടുക്കളയിലും വീടിനുള്ളിലും മൃതദേഹങ്ങൾ കഴിച്ചിടുന്ന സ്ഥിതിവിശേഷം ഒഴിവാക്കുന്നതിനും ബഹു. സുപ്രീം കോടതി വിധിയിൽ നിർദ്ദേശിച്ച പ്രകാരം മൃതശരീരങ്ങൾക്ക് മാന്യമായ സംസ്കാരം ലഭിക്കണമെങ്കിൽ നിർബന്ധമായി എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഒരു പൊതുശ്മശാനം സ്ഥാപിക്കേണ്ടതുണ്ട്. കേരളത്തിലെ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും ശ്മശാനം സ്ഥാപിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

(സി) ശ്മശാന നിർമ്മാണം/നവീകരണം പദ്ധതി നടപ്പിലാക്കുന്നതിന് ഓരോ സാമ്പത്തിക വർഷവും ഗ്രാമപഞ്ചായത്തുകൾക്ക് ധനസഹായം അനുവദിക്കുന്നുണ്ട്. 12-ാം പഞ്ചവത്സര പദ്ധതിക്കാലയളവിൽ സംസ്ഥാനത്തെ മുഴുവൻ ഗ്രാമപഞ്ചായത്തുകളിലും ശ്മശാനങ്ങൾ സ്ഥാപിക്കുന്നത് ഉറപ്പുവരുത്തുന്നതിലേക്ക് പ്രോത്സാഹനം എന്ന നിലയിൽ സർക്കാർ പദ്ധതി ധനസഹായം നൽകിവരുന്നു. ഇതിലേക്കുള്ള ധനസഹായത്തിന് ഗ്രാമപഞ്ചായത്തുകളിൽ നിന്നും അപേക്ഷകൾ സ്വീകരിച്ച് ജനസംഖ്യ, ജനസാന്ദ്രത, സ്ഥലലഭ്യത, അധിക തുക ചെലവഴിക്കുന്നതിനുള്ള ഫണ്ടിന്റെ ലഭ്യത എന്നീ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ മുൻഗണന നിശ്ചയിച്ച് അർഹരായ ഗ്രാമപഞ്ചായത്തുകളുടെ പട്ടിക തയ്യാറാക്കി ധനസഹായം അനുവദിച്ചുവരുന്നു. 2015-16 വർഷം ഗ്രാമപഞ്ചായത്തുകൾക്ക് ശ്മശാന നിർമ്മാണത്തിനായി 20 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നതിന് 1000 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ഡ്രൈവർമാരുടെ നിയമനം

217 (3424) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ, ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകളിൽ ഡ്രൈവർമാരെ നിയമിക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡം വിശദമാക്കാമോ; ഇവർക്ക് നിശ്ചയിച്ചിരിക്കുന്ന ശമ്പള ഘടനയെപ്പറ്റിയുള്ള വിവരം ലഭ്യമാക്കാമോ;

(ബി) നിലവിൽ ജോലി ചെയ്ത് വരുന്ന ഡ്രൈവർമാരെ സ്ഥിരപ്പെടുത്തണമെന്ന ആവശ്യത്തിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) ജില്ലാ, ബ്ലോക്ക്,ഗ്രാമപഞ്ചായത്തുകളിൽ കരാറടിസ്ഥാനത്തിലോ ദിവസവേതനാടിസ്ഥാനത്തിലോ ആകെ എത്ര പേർ ഡ്രൈവർമാരായി ജോലി ചെയ്യുന്നുണ്ടെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ?